4062
9/4/15

കേരള സർക്കാർ
സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - ഐ.സി.ഡി.എസ് - അട്ടപ്പാടിയിലെ അങ്കണവാടികളിൽ കുടിവെള്ളം എത്തിക്കുന്ന പദ്ധതിയ്ക്കായി തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ.(സാധാ) നം.187/2015/സാനീവ — തീയതി, തിരുവനന്തപുരം: 27.03.2015

---

പരാമർശം : 1. 29.01.2015 ന് സാമൂഹ്യനീതി അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനം.

2. 25.02.2015 - ലെ സാമൂഹ്യനീതി ഡയറക്ടറുടെ ഐസിഡിഎസ്/എ5-5588/15 നമ്പർ കത്ത്.

**ഉത്തരവ്**

അട്ടപ്പാടിയിൽ കുടിവെള്ളം കിട്ടാത്ത ഗുരുതരമായ സാഹചര്യമുള്ളതിനാലും അട്ടപ്പാടിയിലെ അങ്കണവാടികളിലെ ജലവിതരണം അടിയന്തിര പ്രാധാന്യമർഹിക്കുന്നതിനാലും ഒഴിച്ചു കൂടാൻ കഴിയാത്ത സാഹചര്യമാകയാൽ അങ്കണവാടികളിൽ കുടിവെള്ളം എത്തിയ്ക്കുന്ന പദ്ധതിയ്ക്കായി, പാർശ്വവൽക്കരിക്കപ്പെടുന്നവർക്കായി, പുതിയ സാമൂഹ്യസുരക്ഷിതത്വ സംരംഭങ്ങൾക്കായി അനുവദിച്ച 2235-60-200-83(പി) ഹെഡ്ഡിൽ നിന്നും ഒരു കോടി രൂപ നടപ്പ് സാമ്പത്തിക വർഷത്തിൽ ചെലവഴിക്കുന്നതിന് പരാമർശ കത്ത് പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും അട്ടപ്പാടിയിലെ അങ്കണവാടികളിൽ കുടിവെള്ളം എത്തിക്കുന്ന പദ്ധതിയ്ക്കായി 1 കോടി രൂപ (ഒരു കോടി രൂപ മാത്രം) പാർശ്വവല്ക്കരിക്കപ്പെടുന്നവർക്കായി പുതിയ സാമൂഹ്യസുരക്ഷിതത്വ സംരംഭങ്ങൾക്കായുള്ള ശീർഷകമായ 2235-60-200-83(പി)-ൽ നിന്നും ചെലവഴിക്കുന്നതിനും ടി പദ്ധതി ജലനിധി വഴി നടപ്പിലാക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
കെ.എം.ലീലാമണി
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ജലനിധി, തിരുവനന്തപുരം. / ജില്ലാ ട്രഷറി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(16.03.2015 - ലെ 17439/ഡബ്ല്യുഡബ്ല്യു 2/15/ധന നം. അനൗദ്യോഗിക കുറിപ്പ് പ്രകാരം)
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
(26.03.2015 - ലെ 4722/എ2/15/പ്ലാനിംഗ് നം. അനൗദ്യോഗിക കുറിപ്പ് പ്രകാരം)
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ